കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മണക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-351/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.6-351/2023 തീയ്യതി: 04/04/2023

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-10-2021 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അനിൽ മാത്യു ഐപ്പ്	ഡെപ്യൂട്ടി ഡയറക്ടർ	06-03-2023	10-03-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-03-2023	10-03-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം. യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷംലത്ത് എം. എസ്., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി. സാമുവൽ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ അലി കുന്നൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ടിസ്സി ജോബ്	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ ജോസ് എം സൈമൺ	സെക്രട്ടറി	01-04-2021	31-05-2021
ശ്രീ ജയിംസ് കുര്യൻ,ജൂണിയർ സുപ്രണ്ട്	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2021	05-07-2021
ശ്രീമതി സുശീല കെ.എൻ	സെക്രട്ടറി	06-07-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അനു സുധാകരൻ	വെറ്ററിനറി സർജൻ	01-04-2021	31-03-2022

ശ്രീ ആനന്ദ് വിഷ്ണു പ്രസാദ്	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ റിനു തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	01-04-2021	31-03-2022
ശ്രീമതി അലീന ജോർജ്ജ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	24-01-2022
ശ്രീമതി നിനു ജോൺ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	25-01-2022	31-03-2022
ശ്രീമതി നിത്യ പി.എസ്	വി ഇ.ഒ -1	01-04-2021	05-10-2021
ശ്രീ സുദർശൻ കെ.	വി ഇ.ഒ -1	06-10-2021	31-03-2022
സരിത ഇബ്രാഹിം	വി.ഇ.ഒ-2	01-04-2021	31-03-2022
ശ്രീമതി രമാ ഭായ്	ഹെഡ് മിസ്ട്രസ്	01-04-2021	31-03-2022
ഡോ. സുജ സെബാസ്റ്റ്യൻ	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2021	16-04-2023
ഡോ. ജോൺ ജേക്കബ്ബ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	17-04-2021	31-03-2022
ഡോ. ഷിനോജ് തോമസ് എബ്രാഹം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2021	31-03-2022
ഡോ. റീം മാത്യു	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2021	27-06-2021
ഡോ. ചിന്റു റ്റോജൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	28-06-2021	12-11-2021
ഡോ. അന്നു മാർട്ടിൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	13-11-2021	31-03-2022
ശ്രീ. കുട്ടിച്ചൻ എം. കല്ലട	അസി. എഞ്ചിനീയർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	ഗ്രാന്റ് വിനിയോഗം	1-3
4	പദ്ധതി അവലോകനം	1-4
5	തൊഴിലുറപ്പ് പദ്ധതി	1-5
6	ക്ഷേമ പെൻഷൻ	1-6
7	ക്യാഷ് പരിശോധന	1-7
8	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
9	വാർഷിക ധനകാര്യ പത്രിക - അപാകതകൾ	1-9
10	മുറിച്ചു നീക്കിയ തടികൾ ലേലം ചെയ്യുന്ന നടപടികൾ അനന്തമായി നീളുന്നു	1-10
11	പാലിയേറ്റീവ് കെയറിനുള്ള വാഹനത്തിന് ക്വട്ടേഷൻ നിരക്ക് പരിഗണിക്കാതെ വാടക അനുവദിച്ചു	1-11
12	ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയില്ല	1-12
13	മരുന്ന് പൂർണ്ണമായും ലഭ്യമായില്ല	1-13
14	ഗ്രാമ പഞ്ചായത്ത് വക സ്ഥലം അതിരുകൾ തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല	1-14
15	ആധുനിക ജൈവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലായിട്ടില്ല	1-15
16	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-16
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾ	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

22-02-2021 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ ബജറ്റ് 23-02-2021ലെ 1/1 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 16-02-22-ലെ 7-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ച 2021-22-ലെ പുതുക്കിയ ബജറ്റ് 26-02-22-ലെ 5/1 തീരുമാന പ്രകാരം പഞ്ചായത്ത് ജനറൽ കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹57,82,379/- മുന്നിരിപ്പും ₹9,91,59,725/- വരവും ₹10,38,39,022/- ചെലവും ₹11,03,082/- നീക്കിയിരിപ്പും ഉണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
2023 ജൂലൈ 31	12.05.2022 (എയിംസിൽ സമർപ്പിച്ചത്)	-	

1-3 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ് ₹	അലോട്ട്മെന്റ്/ വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്	ജനറൽ	0	9001288	9001288	8817000	
	എസ്.സി.പി.	0	2557297	2557297	2315791	
	റ്റി.എസ്.പി.	0	7372	7372	0	
മെയിന്റനൻസ് ഗ്രാന്റ് – റോഡ്		0	6952000	6952000	6947899	
നോൺ റോഡ്		0	5049259	5049259	4438158	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്		0	4055257	4055257	2324734	1730523
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ്		0	1764516	1764516	1705118	59398
ടോട്ടൽ സാനിറ്റേഷൻ		900259	34705	934964	525460	409504
ദുരിതാശ്വാസ നിധി		954	27	981	0	981
ഐ.സി.ഡി.എസ്.		119474	502919	622393	499839	122554
ഖര മാലിന്യ നിർമ്മാർജ്ജനം		182493	350000	532493	350000	182493
ശുചിത്വ മിഷൻ		130014	0	130014	0	130014
ആരോഗ്യ ഇൻഷുറൻസ്		1854	0	1854	0	1854
പകർച്ച വ്യാധി നിയന്ത്രണ ഗ്രാന്റ്		490335	200000	690335	575377	114958
പ്രളയ ദുരിതാശ്വാസ ഗ്രാന്റ്		99350	0	99350	0	99350
സംസ്ഥാന അവാർഡ്		6510	0	6510	0	6510
ലൈഫ് സംസ്ഥാന വിഹിതം		136572	1591733	1728305	1427382	300923
സാക്ഷരത		0	6519	6519	6519	0
ശുചിത്വ മിഷൻ ഫണ്ട്		0	4050	4050	4050	0
കോവിഡ് ഡൊണേഷൻ		0	87843	87843	82568	5275
ആർദ്ര കേരളം ആരോഗ്യ പുരസ്ക്കാരം		0	300000	300000	0	300000

1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ച പദ്ധതികൾ	പദ്ധതി അടങ്കൽ	നടപ്പാക്കിയ പദ്ധതികൾ	പദ്ധതി ചെലവ്	നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം
208	61475557	188	32390532	20	

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയവ	അടങ്കൽ (₹)	ചെലവ് (₹)
കൃഷി ഓഫിസർ	6	6	727000	727000
മെഡിക്കൽ ഓഫിസർ (ആരോഗ്യം)	8	7	1728150	1685139
മെഡിക്കൽ ഓഫിസർ (ഹോമിയോ)	2	2	350000	350000
മെഡിക്കൽ ഓഫിസർ (ആയുർവ്വേദം)	5	5	1076019	1076019
വെറ്ററിനറി സർജൻ	9	8	3940580	3018110
വി.ഇ.ഒ.	23	20	28924202	5915622
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10	9	3583048	3118107
സെക്രട്ടറി	41	37	5919401	4978064
ഡയറി എക്സ്റ്റൻഷൻ ഓഫിസർ	1	1	1200000	1045090
അസി. എഞ്ചിനീയർ	100	90	13880407	10330631
ഹെഡ്മാസ്റ്റർ	2	2	146750	146750
ആകെ	208	188	61475557	32390532

തൻ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുകയുടെ 52.68% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ 95.98%ഉം എസ്.സി.പി. ഫണ്ടിന്റെ 90.15%ഉം വിനിയോഗിച്ചിട്ടുണ്ട്. നെൽ കൃഷി ചെയ്യാതെ തരിശ്ശായി കിടന്നിരുന്ന പരമാവധി നിലങ്ങൾ കൃഷിയിടങ്ങളാക്കി മാറ്റുന്നതിനും നെൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ച വെയ്ക്കുന്നത്. ഹരിത കർമ്മ സേനയുടെ സഹായത്തോടെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.സി.എഫ്.-ൽ എത്തിക്കുന്ന പ്രവർത്തനം നല്ല രീതിയിൽ നടന്നു വരുന്നു. മാലിന്യം ഇടാൻ സാധ്യതയുള്ള 40 സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ ചെയ്ത് നൽകുവാൻ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി തീരുമാനമെടുത്തിട്ടുള്ളത് ശ്രദ്ധേയമാണ്. ഗ്രാമ പഞ്ചായത്തിലെ ഭൂരിഭാഗം പ്രവൃത്തികളും 20% മുതൽ 30% വരെ ടെണ്ടർ കിഴിവിലാണ് കരാറുകാർ നിർവ്വഹണത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ടെണ്ടർ സേവിംഗ്സ് വഴി ലഭിച്ച തുക മറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വിനിയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്. അംഗീകാരം ലഭിച്ച 100 പൊതുമരാമത്ത് പ്രവൃത്തികളിൽ 90 എണ്ണവും അസി. എഞ്ചിനീയർ നടപ്പിലാക്കുകയും ഫയലുകളും രജിസ്റ്ററുകളും കൃത്യമായി തയ്യാറാക്കി

സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്)	173954	1192938	1366892	1363837	3055
	തൊഴിലാളികളുടെ കൂലി	0	7658926	7658926	7658926	0
	മെറ്റീരിയൽ	0	1784000	1784000	1784000	0

1-6 ക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
വിധവ പെൻഷൻ	6974200	453
വാർദ്ധക്യകാല പെൻഷൻ	17624500	1146
വികലാംഗ പെൻഷൻ	2534400	163
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	432000	27
കർഷക തൊഴിലാളി പെൻഷൻ	4890100	286
തൊഴിലില്ലായ്മ വേതനം	10320	6

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 33,771/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തി നിർവ്വഹണ ചുമതല ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ട്. നികുതി തുകകൾ പിരിച്ചെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ ഉദ്ദേശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകളുടെ വിനിയോഗ വിവരം കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക തുകയിലെ അപാകത കണ്ടെത്തി വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ന്യൂനത പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. തരിശു നിലം കണ്ടെത്തി നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമാണെങ്കിലും തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല.

1-9 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 58ൽ നിഷ്കർഷിക്കും പ്രകാരമുള്ള വർഷാന്ത്യ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

A) സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം സമാഹരിക്കുക.

B) വർഷാന്ത്യത്തിലെ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും.

C) സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന.

4) വാർഷിക ധനകാര്യ പത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ₹11,98,700/-യും പിരിവ് ₹11,86,450/-യുമാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാന്റും പിരിവും ₹11,98,700/-യുമാണ്.

5) വസ്തുനികുതി – സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-10 മുറിച്ചു നീക്കിയ തടികൾ ലേലം ചെയ്യുന്ന നടപടികൾ അനന്തമായി നീളുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ അപകടകരമായി സ്ഥിതി ചെയ്തിരുന്ന ഏതാനും മരങ്ങൾ വിവിധ കാലയളവിൽ മുറിച്ചു നീക്കിയെങ്കിലും അവ പരസ്യ ലേലത്തിലൂടെ കയ്യൊഴിഞ്ഞിരുന്നില്ല. ലേല നടപടികളുടെ തത്സ്ഥിതി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (നം.1/തീ. 08-03-2023). യഥാവിധി ലേലം നടത്തിയെങ്കിലും തടികൾ ജീർണ്ണിച്ച് ഉപയോഗരഹിതമായതിനാൽ വാല്യുവേഷൻ തുകയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറായിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത തടി വിറക് വിലയ്ക്ക് വിറ്റ് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

ക്രമ നം.	തടിയുടെ വിശദാംശങ്ങൾ	ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യുവേഷൻ വിവരങ്ങൾ (തുക/വാല്യുവേഷൻ തീയതി)
1	ബദാം- മണക്കാട് പി.എച്ച്.സി. കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നത്	₹4498/12-10-2018 ചിതലെടുത്തു നശിച്ചതിനാൽ വീണ്ടും ലേലം ചെയ്യേണ്ടതില്ലെന്ന് 27-01-2022ലെ 8(6) നമ്പർ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.
2	പ്ലാവ്- മണക്കാട് പി.എച്ച്.സി. കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്നത്	₹8284/- തീ.24-08-2019
3	2 തേക്ക് മരം, 1 മരുത് മരം - മണക്കാട് പുതിയ പി.എച്ച്.സി. കെട്ടിടം പണി കഴിപ്പിച്ച സ്ഥലത്ത് നിന്നിരുന്നത്	₹12704/- തീ. 18-03-2022

4	ക്രമ നം.3ൽ സൂചിപ്പിച്ച തേക്ക് മരത്തിന്റെ 4 തടിക്കഷണങ്ങൾ	₹4508/- തീ. 04-07-2018

വിവിധ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ള തടികൾ നാശോന്മുഖമാവുന്നതിന് മുൻപ് പരസ്യ ലേലത്തിലൂടെ വിൽപന നടത്തി തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് പഞ്ചായത്ത് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

1-11 പാലിയേറ്റീവ് കെയറിനുള്ള വാഹനത്തിന് ക്വട്ടേഷൻ നിരക്ക് പരിഗണിക്കാതെ വാടക അനുവദിച്ചു

നിർവ്വഹണം	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മണക്കാട്
പ്രൊജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ
അടങ്കൽ/ചെലവ്	₹315368/- (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം) + 361632 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) = ₹677000/- ₹677000/-
ബിൽ നം./തീയതി/തുക	21100552018700077738/തീ. 24-05-2021, ₹39160/-

തൻ വർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള കരാർ, ഏറ്റവും കുറഞ്ഞ നിരക്ക് (പ്രതിദിനം ₹900/-) ക്വോട്ട് ചെയ്ത ശ്രീ. സിജു ജോസഫ്, കൊച്ചുപറമ്പിൽ എന്നയാൾക്കാണ് ഉറപ്പിച്ച് നൽകിയത്. എന്നാൽ 2021 ഏപ്രിൽ മാസത്തെ വാടക ₹900/-ന് പകരം ₹1,100/- നിരക്കിലാണ് അനുവദിച്ചത് (ക്വോട്ട് ചെയ്ത നിരക്കിൽ തുടർന്നുള്ള മാസങ്ങളിലെ തുക അനുവദിച്ചിട്ടുണ്ട്). ഏപ്രിൽ മാസം 16 ദിവസം വാഹനം ഓടിയ വകയിൽ ₹14,400/-ന് (₹900x16) പകരം ₹17,600/-(1100x16) ആണ് പ്രതിഫലമായി നൽകിയത്. ക്വോട്ട് ചെയ്ത നിരക്കിൽ അധികരിച്ച് വാടക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ.10-03-2023) മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ ₹3,200/- (17600-14400) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത തുക വാഹന ഉടമയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നോ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 ന്യൂട്രിമിക്സ് വിതരണം - ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പൂരക പോഷഹാര പരിപാടി (നം.15/22) പ്രൊജക്ടിന്റെ ഭാഗമായി ന്യൂട്രിമിക്സ് വാങ്ങുന്നതിനായി (1) ബിൽ റഫറൻസ് നം. 21100552018600217230/തീ. 19-07-2021 (2) വൗച്ചർ നം. 22100851/തീ.30-12-2021 (3) 21100552018601129710/തീ. 15-02-2022 (4) വൗച്ചർ നം. 22101326/തീ.30-03-2022 എന്നീ ബില്ലുകളിലായി 5% ജി.എസ്.ടി. അടക്കമുള്ള തുകയായി ആകെ ₹9,10,888/- കീർത്തി ന്യൂട്രിമിക്സ് യൂണിറ്റ്, ഇരട്ടയാർ നോർത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ₹2,50,000/- യിൽ കൂടുതലുള്ള പർച്ചെയ്സ് ബില്ലുകളിൽ 2% ജി.എസ്.ടി., ടി.ഡി.എസ് ഈടാക്കി ബാക്കി തുക മാത്രമേ സ്ഥാപനത്തിന് നൽകേണ്ടതുള്ളൂ. എന്നാൽ ടി.ഡി.എസ്. ഈടാക്കാതെ മുഴുവൻ തുകയും ന്യൂട്രിമിക്സ് യൂണിറ്റിന് കൈമാറുകയാണ് ചെയ്തിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ. 09-09-2023) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08-09-2020ലെ ഡി.എ.1/87/2019-ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ 4-ാമത്തെ മാർഗ്ഗ നിർദ്ദേശമായി ജി.എസ്.ടി. വകുപ്പ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും ടി.ഡി.എസ് പിടിക്കേണ്ടതില്ലെന്നും സെൻട്രൽ ടാക്സ് കമ്മീഷണറുടെ Cbic -190354/36/2021-Trg-Section-Cbec നമ്പർ സർക്കുലർ പ്രകാരം അങ്കണവാടികളിൽ വിതരണം നടത്തുന്ന ഭക്ഷ്യവസ്തുക്കളെ ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കിയതായി കാണുന്നുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

മറുപടി പരിശോധിച്ചതിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08-09-2020ലെ ഡി.എ.1/87/2019-ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ 4-ാമത്തെ മാർഗ്ഗ നിർദ്ദേശമായി സർക്കാർ-അർദ്ധസർക്കാർ, ജി.എസ്.ടി. വകുപ്പ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് സ്ഥാപനങ്ങൾക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും ടി.ഡി.എസ്. ഈടാക്കേണ്ടതില്ലെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ച കീർത്തി ന്യൂട്രിമിക്സ് യൂണിറ്റ്, ഇരട്ടയാർ നോർത്തിന് ഇത്തരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്.

ജി.എസ്.ടി. കൗൺസിലിന്റെ 2021 മെയ് 21ന് ചേർന്ന 43-ാമത് മീറ്റിംഗിൽ അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ മാത്രം ജി.എസ്.ടി.-യാണ് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ന്യൂട്രിമിക്സ് വില നിർണ്ണയിച്ച് കൊണ്ടുള്ള 25-05-2018ലെ സ.ഉ(സാധാ)നം. 1450/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ജി.എസ്.ടി. 5% അടക്കമുള്ള തുകയായിട്ടാണ് ന്യൂട്രിമിക്സുകളുടെ വില ₹73.5 നിശ്ചയിച്ചിട്ടുള്ളത്.

ജി.എസ്.ടി. ഈടാക്കുന്നതിനാൽ ടി.ഡി.എസ്. കുറവ് ചെയ്തത് സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. ഭാവിയിൽ തുക അനുവദിക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

1-13 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

നിർവ്വഹണം	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)
പ്രൊജക്ടിന്റെ പേര്	പി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ (നം.12)
അടങ്കൽ	₹400000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ബിൽ നം./തീയതി/തുക	21100552018700375911/06-09-2023, ₹275000/-
ലഭ്യമായ മരുന്നുകളുടെ മൂല്യം	₹243236/-
ശേഷിക്കുന്ന മരുന്നുകളുടെ മൂല്യം	₹31764/-

പി.എച്ച്.സി.-യ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയിൽ ₹317,64/-യുടെ മരുന്ന് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. അവ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിൽ ഉൾപ്പെടുത്തി രേഖകൾ സഹിതം ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

1-14 ഗ്രാമ പഞ്ചായത്ത് വക സ്ഥലം അതിരുകൾ തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിലെ 1709/1968 നമ്പർ ആധാര പ്രകാരം മണക്കാട് വില്ലേജിൽ 17/8, 23/2 സർവ്വേ നമ്പറിൽപ്പെട്ടതും ഗ്രാമ പഞ്ചായത്തിന് ഓഫീസ് നിർമ്മാണത്തിന് കൈമാറ്റം വഴി സിദ്ധിച്ചതുമായ 25 സെന്റ് സ്ഥലം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ നില നിന്നിരുന്ന കേസിൽ ഗ്രാമ പഞ്ചായത്തിന് അനുകൂലമായി വിധി ഉണ്ടായിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ സ്ഥലത്തിന്റെ അതിരുകൾ തിട്ടപ്പെടുത്തി സ്ഥലം ഏറ്റെടുക്കുവാൻ 10.05.2021-ലെ 15/1 നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലത്തിന്റെ അതിരുകൾ നിശ്ചയിച്ച് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർണ്ണമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.7/തീ. 10.03.2023) മറുപടി ലഭ്യമാക്കിയില്ല. കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്ഥലം ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയിൽ ചേർക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

1-15 ആധുനിക ജൈവമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പഞ്ചായത്ത് കമ്മിറ്റി തീരുമാനം നടപ്പിലായിട്ടില്ല

ജൈവ മാലിന്യ സംസ്കരണത്തിനായി ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഒരുക്കാത്തതിനാൽ 1.81 ലക്ഷം രൂപ പിഴ ചുമത്തുന്നത് സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കാരണം കാണിയ്ക്കൽ നോട്ടീസ് ലഭിച്ചിട്ടുള്ള സാഹചര്യം പരിഗണിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പുതുപ്പരിയാരം തഴുവക്കല്ലുപാറ ഭാഗത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി ആധുനിക രീതിയിലുള്ള ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (10.05.2021ലെ അജണ്ട 16/1 നമ്പർ തീരുമാനം) പദ്ധതി നാളിതുവരെയും പ്രായോഗികമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.6/തീ. 10.03.2023) മറുപടി ലഭ്യമാക്കിയില്ല. ആധുനിക ജൈവ മാലിന്യ സംസ്കരണ പ്ലാന്റ് എത്രയും വേഗം യഥാർത്ഥ്യമാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-16 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല</u>.

സ്ട്രീറ്റ് ലൈൻ വലിക്കൽ, അംഗൻവാടി ഇലക്ട്രിഫിക്കേഷൻ എന്നീ പദ്ധതികൾക്കായി താഴെ പറയും പ്രകാരം കെ.എസ്.ഇ.ബി.-യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തീകരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

പദ്ധതി/നം.	ബിൽ നം./തീയതി/തുക
137/22 11-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	64/തീ. 15-09-2021 ₹149742/-
191/22 ഇലക്ട്രിഫിക്കേഷൻ-പെരിയാമ്പ്ര സീഡ് സ്റ്റോർ അംഗൻവാടി സെന്റർ	BRN 21100552016800456921/ തീ. 28-09-2021 ₹58028/- BRN21100552016801079631/ തീ. 08-02-2022 ₹20972/-
247/22 കോലടി ലക്ഷം കോളനി സ്ട്രീറ്റ് മെയിൻ വലിക്കൽ	225/തീ. 08-02-2022 ₹10000/- 224/തീ. 08-02-2022 ₹30000/-
138/22 13-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	65/തീ. 15-09-2021 ₹149920/-
136/22, 38/22 10-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	63/തീ. 15-09-2021 ₹132160/-
135/22 3-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	62/തീ. 15-09-2021 ₹59000/- 67/തീ. 23-09-2021 ₹90860/-
249/22 പഞ്ചായത്ത് കവല പച്ചർ റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	249/തീ. 08-03-2022 ₹30993/-

ആകെ	₹731675/-

പ്രവൃത്തി പൂർത്തിയാക്കിയ വിവരം ലഭ്യമാക്കാത്തതിനാൽ ആകെ ചെലവഴിച്ച ₹7,31,675/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2021-22	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	ഓഡിറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട്

4-2 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	തൻവർഷം ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത്	21137	ജവഹർ ഭവന പദ്ധതി വായ്പ പലിശ തിരിച്ചടവ് (10/22)	21137	0
	176000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കു സ്കോളർഷിപ്പ് (54/22)	176000	0
	340000	ലൈഫ് മിഷൻ ഭവന നിർമ്മാണം (36/22)	340000	0
	361664	ലൈഫ് മിഷൻ ഭവന നിർമ്മാണം എസ്.സി. (163/22)	361664	0
	127500	നെൽകൃഷി കർഷകർക്ക് കൂലി ചെലവ് (238/22)	127500	0
	121000	നെൽകൃഷി കർഷകർക്ക് കൂലി ചെലവ് (20/22)	121000	0
ഇടുക്കി ജില്ലാപഞ്ചായത്ത്	250000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (54/22)	250000	0
	64447	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് എസ്.സി. (64/22)	64447	0
	669283	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (8/22)	669283	0

4-3 നിക്ഷേപ പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവ്യത്തിയുടെ പേര്	വൗച്ചർ	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	കോളാപ്പിള്ളിത്താഴം കൊട്ടാറ്റാമ്പലം കുടിവെള്ള പൈപ്പ് ലൈൻ നവീകരിക്കൽ (246/22)	/	75000	0	75000
- ടി -	വഴിത്തല പൊതു മാർക്കറ്റിലെ പബ്ലിക് ടോയ്ലെറ്റിൽ വാട്ടർ കണക്ഷൻ (192/22)		5000	0	5000
- ടി -	മാടപ്പാറ ഭാഗത്ത് പൈപ്പ് ലൈൻ സ്ഥാപിക്കൽ (245/22)		50000	0	50000
കേരള ഇലക്ട്രിസിറ്റി ബോർഡ്	കോലടി ലക്ഷം വീട് കോളനി സ്ട്രീറ്റ് ലൈൻ വലിക്കൽ (247/22)	വൗച്ചർ നം. 22100518/തീ. 17.09.2021	40000	0	40000
- ടി -	വാർഡ് 10ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (136/22	വൗച്ചർ നം. 22100519/തീ. 17.09.2021	132160	0	132160
- ടി -	സ്വാർഡ് 11ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (137/22)	വൗച്ചർ നം. 22100520/തീ. 17.09.2021	149742	0	149742
- ടി -	വാർഡ് 3ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (135/22)	വൗച്ചർ നം. 22100532/തീ. 17.09.2021	149860	0	149860
- ടി -	വാർഡ് 13ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (138/22)	വൗച്ചർ നം. 22100533/തീ. 17.09.2021	149920		
- ടി -	പഞ്ചായത്ത് കവല പച്ചടി റോഡിൽ ലൈൻ വലിക്കൽ (249/22)	വൗച്ചർ നം. 22100534/തീ. 17.09.2021	30993	0	30993
- ടി -	ഇലക്ട്രിഫിക്കേഷൻ – പെരിയാമ്പ്ര സീഡ് സ്റ്റോർ അംഗൻവാടി (191/22)	ബിൽ നം.21100552016800456921 തീ. 28.09.2021	79000	0	79000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിൽ വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്	ഉത്തരവ് നം.	തൻവർഷ വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക ₹
				മുതൽ	പലിശ	
ജവഹർ മുതൽ തിരിച്ചടവ്	സ.ഉ.നം 1577/2018, തീ.27/05/2015	0	2500000	500000		2000000
ലൈഫ് ഭവന പദ്ധതി	ജി.ഒ(എം.എസ്) 68/18, എൽ.എസ്.ജി.ഡി തീ.18.05.2018	0	6657333	865333	0	5792000

4-6 സ്ഥിര നിക്ഷേപം

- ഇല്ല –

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല –

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2006-07	3-11	2011-12	2-4	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം – ₹18,334/-	ലഭ്യമാക്കിയില്ല
2012-13	2-4	ലഘു അവലോകന റിപ്പോർട്ടുകൾ	2-4 (11 മുതൽ 25 വരെ) പേജ് നം. 18, 19)	ലഘു അവലോകനം ഫ്രണ്ട്ഓഫീസ് സംവിധാനം	-ടി-
2015-16	2-1	2016-17	അനുബന്ധം-4	തൊഴിൽ നികുതി -അപാകതകൾ	-ടി-

4-9 ചാർജ്ജ്/സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല –

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം	റിപ്പോർട്ട് വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി)	സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങൾ		ആകെ ലഭ്യമായ തുക ₹	അവശേഷിക്കുന്ന തുക/ ബാദ്ധ്യത	റിമാർക്ക്
				നമ്പരും തീയതിയും	തുക ₹				ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13	14
1	1996-97	1, 2, 3	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ 22.11.01	799	₹799/- 82/61390/ 29.03.2000 40/7740/ 27.03.2002 79/49988/ 21.08.2005		-	-	-	799	ഇല്ല	-
2	1996-97	2 (Part) & 4	എം.എൻ. അബ്ദുൾ റഹീം ജൂനിയർ സൂപ്രണ്ട്	LF-22612/ Spl. Cell/ SC2/ 2000/ -.11.01	673	₹673/- 40/7740/ 27.03.2002/ 7/61403/ 01.09.2000 41/7740/ 27.03.2002 69/61381/ 15.01.2000		-	-	-	673	ഇല്ല	-
3	2000-01	27	വി. എ. ജോസഫ് ജൂനിയർ സൂപ്രണ്ട്	LF-20350/ 04 Dt:08.06.05	1329	₹1329/- 93/4142 06.06.2005		-	-	-	1329	ഇല്ല	-

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ്	₹14091560.60
ഓഡിറ്റ് വർഷത്തെ വരവ്	₹49080271
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹63171831.60
ഓഡിറ്റ് വർഷത്തെ ചെലവ്	₹48004180
ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ്	₹15167651.60
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹731675

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തടസ്സപ്പെടുത്തിയ തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	731675	ശ്രീമതി. സുശീല കെ. എൻ., സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. സുശീല കെ. എൻ. സെക്രട്ടറി	സെക്രട്ടറി മണക്കാട് ഗ്രാമപഞ്ചായത്ത്	ശ്രീലകം അറക്കുളം തൊടുപുഴ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നമ്പർ
2006-2007	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2006-07 തീ.02.09.22	2	3-3, 3-11
2007-08	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2007-08 തീ.02.09.22	2	2-2, 3-10

2008-09	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2008-09 തീ.02.09.22	1	3-2
2009-10	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2009-10 തീ.02.09.22	4	3-3, 3-10, 3-11, 3-12
2010-11	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2010-11 തീ.02.09.22	1	3-2
2011-2012	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2011-12 തീ.02.09.22	1	3-10
2016-17	കെ. എസ്.എ-ഐ.ഡി.കെ-7/1308/17 തീ.12.01.2018	2	2-4, 3-1
2012-13&13-14	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2012-13&13-14-08 തീ.02.09.22	1	2-2
2014-15	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2014-15 തീ.02.09.22	1	2-1
2015-16	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 20015-16 തീ.02.09.22	5	2-1, 2-3, 3-1, 3-4, 3-5
2016-17	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2016-17 തീ.02.09.22	5	2-4, 3-1, 3-2, 3-3, 3-7
2017-18	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2017-18 തീ.02.09.22	1	3-2
2018-19	കെ.എസ്.എ.ഐ.ഡി.കെ-പി 6/1278/ 2018-19 തീ.02.09.22	4	1-14, 1-16, 1-17, 2-1
2019-20	കെ.എസ്.എ.ഐ.ഡി.കെ-11/309/2022 തീ. 22.04.22	5	1-14, 1-17, 1-18, 1-19, 1-20
2020-21	കെ.എസ്.എ.ഐ.ഡി.കെ-11/289/2022 തീ. 27.04.22	8	1-10, 1-15, 1-16, 1-17, 1-18(1, 3), 1-19, 1-20, 4-8

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്